ശ്രീ. എൻ. രാഘവക്കുറുപ്പ്: ഏതു സ്ഥലത്താണ് അവരെ നിയമിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എൻ. ഇ. എസ് ബ്ലോക്കുകളിൽ.

ശ്രീമതി. കെ. ആർ. ഗൗരി: അപേക്ഷകരുടെ എണ്ണത്തേയും അവർ സ്ത്രീകളാണെന്നുള്ള കാര്യത്തേയും പരിഗണിച്ച് അവർക്ക് ഇൻറർവ്യൂ നൽകാതെ ഒരു പരീക്ഷവച്ച് എടുക്കാൻ ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്ത്രീകളാണെന്നുള്ള അടിസ്ഥാനത്തിൽ അങ്ങനെ ചെയ്യണമെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇതിന് പുരുഷന്മാരെ തിരഞ്ഞെടുക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ആലോചിക്കാം.

ഫിഷറി പരിശീലനകേന്ദ്രം

* 473. [4] ശ്രീ. വി. ശ്രീധരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് മീൻ പിടിക്കുവാനുള്ള പരിശീലനം നൽകുന്നതിന് സർക്കാരിന് എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) യന്ത്രോപകരണങ്ങളുപയോഗിച്ച് മീൻപിടിക്കുവാനുള്ള പരിശീലനം നൽകുന്നതിനായി സർക്കാരിന് ഒരു പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) നാർവീജിയൻ പദ്ധതി അനുസരിച്ച് യന്ത്രങ്ങൾ ഘടിപ്പിച്ച ബോട്ടുകൾ ഉപയോഗിച്ച് മീൻ പിടിക്കുന്നതിനുള്ള പരിശീലനം കൊടുത്തുവരുന്നുണ്ട്. അതു കൂടാതെ ടെക്നിക്കൽ കോഓപ്പറേഷൻ സ്കീം അനുസരിച്ച് കൊച്ചിയിൽ ഒരു പരിശീലനകേന്ദ്രം അടുത്ത ജനുവരി മാസത്തിൽ തുടങ്ങുന്നുണ്ട്. നീണ്ടകരയിൽ ഇതുവരെ 11 പേർക്ക് പരിശീലനം കൊടുക്കുകയും, അവരെ അവിടെതന്നെ നിയമിക്കുകയും നാലുപേർക്ക് ബോട്ടുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പത്തുപേർ പരിശീലനം നടത്തിവരുന്നു. പരിശീലനം കഴിഞ്ഞാൽ അവർക്ക് സ്വന്തമായി ഉപയോഗിക്കാൻ ബോട്ടുകൾ പകുതി വിലക്ക് നൽകുന്നതാണ്.

കൊച്ചിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പരിശീലനകേന്ദ്രത്തിൽ ആണ്ടിൽ 40 പേരെ പരിശീലിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പരിശീലനം 6 മാസത്തേക്കായിരിക്കും. നീണ്ടകരയിൽ യന്ത്രോപകരണങ്ങൾ സ്വന്തമായി ഉപയോഗിക്കാൻ-ഉള്ള-പരിശീലനം കൊടുക്കാനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിച്ചിട്ടുള്ളതു്. എഫ്. എ. ഒ. വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിലായിരിക്കും പരിശീലനം നടത്തുന്നതു്.

ശ്രീ. കെ. സി. ജോർജ്ജു്: നീണ്ടകരയിൽ പരിശീലനം കൊടുക്കാൻ ആരംഭിച്ചിട്ടു എത്രനാളായി എന്നു് പറയാമൊ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാർവീജിയൻ പദ്ധതി അനുസരിച്ചു പ്രവർത്തനം തുടങ്ങി കുറച്ചുകാലം നമ്മുടെ വള്ളങ്ങൾ യന്ത്രങ്ങൾ ഘടിപ്പിക്കാവുന്ന ബോട്ടുകൾ ആക്കാമോ എന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തി. അതിനുശേഷമാണു് പരിശീലനം തുടങ്ങിയതു്.

ശ്രീ. പ്രാക്കുളം ഭാസി: നീണ്ടകരയിൽ എത്രപേർക്കാണു് പരിശീലനം നൽകുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പത്തുപേർക്കാണു് പരിശീലനം നൽകിവരുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി: നീണ്ടകരയിൽ പത്തുപേർക്കുമാത്രം പരിശീലനം കൊടുക്കുന്നതിനും കൊച്ചിയിൽ 40 പേർക്കു് പരിശീലനം കൊടുക്കുന്നതിനും പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നീണ്ടകരയിൽ നാവ്വീജിയൻ പദ്ധതി അനുസരിച്ചും, കൊച്ചിയിൽ ഫുഡ് ആൻഡ് ആഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ ആഫ് അമേരിക്കായുടെ പ്രോഗ്രാം അനുസരിച്ചുമാണു് പ്രവർത്തിക്കുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി: നാവ്വീജിയൻ പദ്ധതിയനുസരിച്ചു് നീണ്ടകരയിൽ കൂടുതൽപ്പേർക്കുകൂടി പരിശീലനം കൊടുക്കുന്നതിനു സൗകര്യമുണ്ടാക്കാൻ ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ആ പ്രോജക്ടിന്റെ കാര്യമായി ആലോചിക്കാം.

SHRI P. S. NATARAJA PILLAI: May I know how many fishing centres have been established?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് നോട്ടീസു വേണം.

ശ്രീ. കെ. എ. ബാലൻ: യന്ത്രോപകരണങ്ങൾ ഘടിപ്പിച്ച ബോട്ടിനു് എന്തു വിലയാകും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് മറുപടി എനിക്കിപ്പോൾ അറിവില്ല.

ശ്രീ. കെ. എ. ബാലൻ: സാധാരണക്കാർക്കു് ഈ വള്ളങ്ങൾ സഹകരണസംഘങ്ങൾവഴി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊക്കെത്തന്നെയാണു് ഉദ്ദേശം. പക്ഷേ അതു സാധാരണക്കാരാകരുതു്.

LIBRARY ARCHIVES Kerala Legislative Assembly

SHRI P. S. NATARAJA PILLAI : May I know whether the fishing boats constructed under the Norwegian scheme have been found suitable for fishing in our sea waters ?

SHRI PANAMPILLI GOVINDA MENON : That is the report.

വെയിറ്റിംഗ് ഷെഡ്ഡുകൾ.

* 474. [6] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പ്രമുഖ ട്രാൻസ്പോർട്ടേഷനുകളിലും വെയിറ്റിംഗ് ഷെഡ്ഡുകൾ പണിയിച്ചിട്ടുണ്ടോ ;

(ബി) കൊല്ലം-തിരുവനന്തപുരം ലൈനിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇതു പണിയിച്ചിട്ടുണ്ട് ;

(സി) ആറ്റിങ്ങൽപോലുള്ള പ്രധാന കേന്ദ്രങ്ങളിൽ ഇതുവരെയും ഒരു വെയിറ്റിംഗ് ഷെഡ്ഡു കെട്ടാതിരുന്നതിനു് ഗവണ്മെൻറിനു് എന്തെങ്കിലും പ്രത്യേക ഉദ്ദേശമുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതുപോലുള്ള സ്ഥലങ്ങളിൽ ഇനിയെങ്കിലും വെയിറ്റിംഗ് ഷെഡ്ഡുകൾ പെട്ടെന്നു കെട്ടിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) കഴക്കൂട്ടം, കല്ലമ്പലം, ചാത്തന്നൂർ ഈ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കിയിട്ടുണ്ട്.

(സി & ഡി) ആറ്റിങ്ങൽ മുതലായ പല സ്ഥലങ്ങളിലും വെയിറ്റിംഗ് ഷെഡ്ഡുകൾ കെട്ടുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എ. ബാലൻ : ആലുവായിൽ ഒരു വെയിറ്റിംഗ് ഷെഡ്ഡ് ഉണ്ടാക്കുവാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ട്.

മൈനർ ഇറിഗേഷൻ.

* 475. [7] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുഡിപ്പാർട്ടുമെൻറിനു് മൈനർ ഇറിഗേഷൻ വിട്ടുകൊടുത്തതിനുശേഷം പ്രസ്തുത ഹെഡ്ഡിൽ താരതമ്യേന കൂടുതൽ പണികൾ നടന്നിട്ടുണ്ടോ ;

(ബി) 1954-55-ലും, 1955-56-ലും ഓരോ ഡിസ്ട്രിക്ടിലും ഈ ഹെഡ്ഡിൽ എന്തു തുക ചെലവായിട്ടുണ്ട് ;

(സി) മുനിസിപ്പൽ അതിർത്തിയിലുള്ള മൈനർ ഇറിഗേഷൻ ജോലികൾക്ക് ചാർജ്ജു വഹിക്കുന്നതാരാണു് ?

LIBRARY ARCHIVES Kerala Legislative Assembly